**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 451** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>നെല്ലിക്കുന്നിലെ അസ്റ്റാസ് വാച്ച് കമ്പനി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കല്ലട്ര മാഹിൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ്
മന്ത്രി)

**(എ)** കാസർഗോഡ് നെല്ലിക്കുന്നിലെ അടച്ചുപൂട്ടിയ അസ്റ്റാസ് വാച്ച് കമ്പനിയുടെ സ്ഥലം വ്യവസായ വകുപ്പിന്റെ കൈവശമാണോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കാസർഗോഡ് ജില്ലയിലെ നെല്ലിക്കുന്നിൽ സ്ഥിതിചെയ്യുന്ന അടച്ചുപൂട്ടിയ ആസ്ട്രൽ വാച്ചസ് എന്ന കമ്പനിയുടെ സ്ഥലം നിലവിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ (KSIDC) കൈവശമാണുള്ളത്.

**(ബി)** കമ്പനി പ്രവർത്തിച്ച സ്ഥലത്തിന്റെ വിസ്തീർണ്ണവും സർവ്വെ നമ്പരും എത്രയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ആസ്ട്രൽ വാച്ചസ് കമ്പനി പ്രവർത്തിച്ച സ്ഥലത്തിന്റെ സർവേ നമ്പർ 21/7A-യും സ്ഥലത്തിന്റെ വിസ്തീർണ്ണം 80 ആർ 54 ചതുരശ്ര മീറ്റർ (ഏകദേശം 199 സെന്റ്) ആണ്.

**(സി)** ആസ്റ്റാസ് വാച്ച് കമ്പനി പ്രവർത്തിച്ച സ്ഥലത്ത് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

**<u>മറുപടി:</u>** ആസ്ട്രൽ വാച്ചസ് എന്ന കമ്പനി പ്രവർത്തിച്ച സ്ഥലത്ത് KSIDC മുഖേന പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി സ്ഥലത്തെ പഴയ കെട്ടിടം പൊളിച്ചുനീക്കുകയും, തടസ്സമായി നിന്നിരുന്ന മരങ്ങൾ മുറിച്ചുനീക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, കെ.എസ്.ഇ.ബി.യുടെ ഹൈ ടെൻഷൻ വൈദ്യുതി ലൈൻ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. പി.പി.പി. മാതൃകയിൽ പദ്ധതി നടപ്പാക്കുന്നതിനായി നിർമ്മാണ-സേവന മേഖലകളെ ഉൾപ്പെടുത്തി താല്പര്യപത്രങ്ങൾ പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും പ്രൊപ്പോസലുകളൊന്നും ലഭിച്ചിട്ടില്ല, തുടർന്ന് വാണിജ്യ മേഖലകളും ഉൾപ്പെടുത്തി പുതുക്കിയ താല്പര്യപത്രങ്ങൾ പ്രസിദ്ധീകരിച്ചെങ്കിലും അതിന്മേലും പ്രൊപ്പോസലുകളൊന്നും ലഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**